പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1586 **01-07-2026-ൽ മറുപടിയ്ക്ക്**

ആരോഗ്യവകുപ്പ് ഡയറക്ടറെ സ്ഥലം മാറ്റിയത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ജോയി ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. റീനയെ സ്ഥലം മാറ്റുവാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

മറുപടി:

ഡോ. റീന കെ.ജെ. ആരോഗ്യ വകുപ്പ് ഡയറക്ടർ തസ്തികയിൽ മൂന്ന് വർഷത്തെ സേവന കാലാവധി പൂർത്തിയാക്കിയിരുന്നു. ആരോഗ്യ വകുപ്പിൽ പുതിയ ഡയറക്ടറെ നിയമിക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് പ്രക്രിയ നിലവിൽ സർക്കാർ തലത്തിൽ പരിഗണനയിലാണ്. സംസ്ഥാനത്തെ നിലവിലുള്ള പൊതുജനാരോഗ്യ സ്ഥിതി, പ്രത്യേകിച്ച് ഷിഗെല്ല, നിപ പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട നിരീക്ഷണ, പ്രവർത്തനങ്ങൾ, സർക്കാരിന്റെയും ആരോഗ്യ വകുപ്പിന്റെയും ഭരണപരമായ ആവശ്യകതകൾ എന്നിവ കണക്കിലെടുത്താണ് ഡോ റീന കെ ജെ യ്ക്ക് സ്ഥലംമാറ്റം നൽകിയിരുന്നത്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറായിരുന്ന ഡോ.റീനയെ വീണ്ടും ഡയറക്ടറായി നിയമിച്ച് ഏതെങ്കിലും കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

മറുപടി: ഡോ റീന കെ ജെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന OA 950/2026 നമ്പരുള്ള 18-06-2026 ലെ ഉത്തരവ് പ്രകാരം ഡോ റീന കെ ജെ -യെ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്ഥാനത്ത് നിന്നും മാറ്റിയതുമായി ബന്ധപ്പെട്ട 12-06-2026 ലെ സ.ഉ (സാധാ) നം. 2000/2026/H&FWD , 15-06-2026 ലെ സ.ഉ (സാധാ) നം. 2009/2026/H&FWD എന്നീ ഉത്തരവുകൾ നടപ്പിലാക്കുന്നത് രണ്ട് ആഴ്ചത്തേക്ക് ബഹു.ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നു.

പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടില്ല. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ-ന്റെ ഉത്തരവിനെതിരെ സർക്കാർ ബഹു.ഹൈക്കോടതി മുൻപാകെ അപ്പീൽ (OP(KAT)194/2026) ഫയൽ ചെയ്തിരുന്നു. ആയതിന്മേലുള്ള 23-06-2026 ലെ വിധിന്യായ പ്രകാരം ബഹു.ട്രൈബ്യൂണലിന്റെ OA 950/2026 നമ്പരുള്ള 18-06-2026 ലെ ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദ് ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ